Kerala State Council for
Science, Technology and Environment
Sasthra Bhavan, Pattom P.O. Thiruvananthapuram - 695 004, Kerala State, India.
Tel: 0471-2548200-09, EVP – 2543557, 2548222,
MS – 2534605, 2548220, CoA – 2543556, 2548248
Fax: 0471-2540085, 2534605 e-mail: mail.kscste@kerala.gov.in, www.kscste.kerala.gov.in

കേ.ശാ.സാ.പ.കൗൺസിൽ - കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഗവേഷണ ധനസഹായ പദ്ധതിയുടെ തിരഞ്ഞെടുപ്പ് രീതി പുനർ രൂപകൽപന ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

Council (M) Order No2/2020/KSCSTE തിരുവനന്തപുരം തീയതി:06/01/2020

പരാമർശം : 20.11.2019 ൽ കൂടിയ 52-) മത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മിനിട്സ് (ഇനം നമ്പർ 52.16)

## ഉത്തരവ്

ശാസ്ത്ര വിഷയങ്ങളിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് പി . എച്ച്. ഡി. ചെയ്യുന്നതിനുള്ള ധന സഹായം നൽകുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഗവേഷണ ധനസഹായ പദ്ധതി. പ്രസ്തുത പദ്ധതിയുടെ തിരഞ്ഞെടുപ്പ് രീതി പുനർ രൂപകൽപന ചെയ്യുന്ന വിഷയം 20.11.2019 ൽ കൂടിയ 52-) മത് എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റി ഇനം നമ്പർ 52.16 പ്രകാരം ഇത് അംഗീകരിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഗവേഷണ ധനസഹായ പദ്ധതിയുടെ തിരഞ്ഞെടുപ്പ് രീതി താഴെപ്പറയുന്ന രീതിയിൽ പുനർ രൂപകൽപന ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഗവേഷണ ധനസഹായ പദ്ധതിയുടെ തിരഞ്ഞെടുക്കൽ പ്രക്രിയയിൽ നിന്ന് അഭിമുഖം റദ്ദാക്കുകയും മാർക്ക് വിതരണം ചുവടെ ചേർക്കുന്ന രീതിയിൽ ക്രമീകരിക്കുകയും ചെയ്യുന്നു.

| ഇനം | പരമാവധി മാർക്ക് |
|---|---|
| പ്രവേശന പരീക്ഷ ആകെ | 70 (ഭാഗം എ-20, ഭാഗം ബി-50) |
| ബിരുദാനന്തര ബിരുദം | 20 |
| മാർക്ക് | 90 |

(2) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഗവേഷണ ധനസഹായ പദ്ധതി പ്രകാരമുള്ള പരീക്ഷയ്ക്ക് അപേക്ഷിക്കുവാൻ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർ, വൈകല്യമുള്ളവർ എന്നീ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് അവരുടെ ബിരുദാനന്തര ബിരുദ പരീക്ഷയിൽ ഏറ്റവും കുറഞ്ഞത് 65% മാർക്ക് അല്ലെങ്കിൽ തത്തുല്യമായ സി.ജി.പി.എയും ജനറൽ (യു.ആർ.) / ജനറൽ-ഇ.ഡബ്ല്യു.എസ്., ഒ.ബി.സി വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് 70% മാർക്ക് അല്ലെങ്കിൽ തത്തുല്യമായ സി.ജി.പി.എ യും. ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ സംവരണമുള്ള അപേക്ഷകരുടെ (പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർ, വൈകല്യമുള്ളവർ) പ്രവേശന പരീക്ഷയുടെ കട്ട് ഓഫ് മാർക്ക് പൊതു

വിഭാഗക്കാരേക്കാൾ (ജനറൽ (യു.ആർ.) / ജനറൽ-ഇ.ഡബ്ല്യു.എസ്., ഒ.ബി.സി. വിഭാഗക്കാർ) 5% കുറവായിരിക്കും.

(3) മൂന്നുവർഷത്തിനു ശേഷം ഫെലോഷിപ്പ് നൽകുന്നത് പരമാവധി ഒരു വർഷത്തേക്ക് പരിമിതപ്പെടുത്തുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഒരു വിദഗ്ധ കമ്മിറ്റി ഗവേഷണ വിദ്യാർത്ഥിയുടെ ഗവേഷണ പുരോഗതി വിലയിരുത്തി ഇത് പരിഗണിക്കുന്നതാണ്.

S. PRADEEP KUMAR
MEMBER SECRETARY

സ്വീകർത്താവ്

കൗൺസിൽ ആസ്ഥാനത്തെ എല്ലാ ഗ്രൂപ്പ് തലവന്മാർക്കും

പകർപ്പ്

കൗൺസിൽ വെബ് സൈറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ